# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.549** — **05.06.2018-ൽ മറുപടിയ്ക്ക്**

**ജി.എസ്.ടി - സംസ്ഥാന നികുതി വരുമാനത്തിൽ വന്നിട്ടുള്ള ഏറ്റക്കുറച്ചിലുകൾ**

**ചോദ്യം**

**ശ്രീ.പി.കെ. ശശി :**

**മറുപടി**

**ഡോ.ടി.എം.തോമസ് ഐസക്**
**(ധനകാര്യവും കയറും വകുപ്പുമന്ത്രി)**

(എ) ജി.എസ്.ടി. നടപ്പാക്കിയ ശേഷം സംസ്ഥാന നികുതി വരുമാനത്തിൽ വന്നിട്ടുള്ള ഏറ്റക്കുറച്ചിലുകൾ സംബന്ധിച്ച വിശദാംശം വ്യക്തമാക്കുമോ;

(എ) ജി.എസ്.ടി. നടപ്പാക്കിയ ശേഷം സംസ്ഥാന നികുതി വരുമാനത്തിൽ വന്നിട്ടുള്ള ഏറ്റക്കുറച്ചിലുകൾ സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു.

| മാസം | 2016-17-ലെ വരുമാനം (തുക കോടിയിൽ) | 2017-18-ലെ വരുമാനം (തുക കോടിയിൽ) |
|---|---|---|
| ആഗസ്റ്റ് | 2701.95 | 3979.30 |
| സെപ്റ്റംബർ | 3038.97 | 2881.94 |
| ഒക്ടോബർ | 3028.5 | 3528.53 |
| നവംബർ | 2760.09 | 3014.00 |
| ഡിസംബർ | 2535.28 | 3613.51 |
| ജനുവരി | 2944.11 | 2938.90 |
| ഫെബ്രുവരി | 2809.37 | 3591.73 |
| മാർച്ച് | 4254.54 | 4313.08 |
| ഏപ്രിൽ | 1898.16 | 2176.62 |

(ബി) ജി.എസ്.ടി. നടപ്പാക്കിയപ്പോഴുണ്ടായിരുന്ന ഉല്പന്നങ്ങളുടെ നികുതി (ഉല്പന്നങ്ങൾ തിരിച്ച്) എത്ര എന്നും ജി.എസ്.ടി. കൗൺസിൽ ഏതെല്ലാം ഉല്പന്നങ്ങളുടെ നികുതി കുറച്ച്/വർദ്ധിപ്പിച്ച് എന്നത് സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ;

(ബി) കേരളത്തിലെ വാറ്റ് നികുതിയുടെ 75 ശതമാനത്തിൽ അധികവും 14.5 ശതമാനം നികുതി നിരക്കിലുള്ള സാധനങ്ങളിൽ നിന്നാണ് ലഭിച്ചിരുന്നത്. ജി.എസ്.ടി.യുടെ തുടക്കത്തിൽ സാധനങ്ങൾ കൂടുതലും 28 ശതമാനം നികുതി നിരക്കിലാണ് ഉൾപ്പെടുത്തിയിരുന്നത്. റവന്യൂ ന്യൂട്രൽ നിരക്ക് 18 ശതമാനമായി നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ 22-ാം ജി.എസ്.ടി. കൗൺസിലിലെ തീരുമാന പ്രകാരം 28 ശതമാനം നിരക്കിലുള്ള ഭൂരിഭാഗം സാധനങ്ങളുടെയും നികുതി നിരക്ക് 18 ശതമാനവും 12 ശതമാനവും ആയി കുറച്ചിട്ടുണ്ട്. ഉല്പന്നത്തിന്മേലുണ്ടായിരുന്ന എക്സൈസ് ഡ്യൂട്ടി, സർവ്വീസ് ടാക്സ്, സി.എസ്.ടി., വാറ്റ് എന്നീ മൊത്തം നികുതി നിരക്കും കണക്കിലെടുക്കുമ്പോൾ ജി.എസ്.ടി.യിൽ എല്ലാ സാധനങ്ങളുടെയും നികുതി മുൻപ് ഉണ്ടായിരുന്നതിനേക്കാൾ കുറയുകയാണുണ്ടായിട്ടുള്ളത്.

| | | | |
|---|---|---|---|
| (സി) | സംസ്ഥാനത്ത് റിയൽ എസ്റ്റേറ്റ് മേഖലയിൽ നിന്നും 2017-18 വർഷം ലഭിച്ച നികുതിവരുമാനം എത്ര എന്നും പ്രസ്തുത മേഖലയെ ജി.എസ്.ടി. പരിധിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ എന്നും ഇതിലെ സർക്കാർ നയം എന്ത് എന്നും വ്യക്തമാക്കുമോ; | (സി) | വസ്തു കൈമാറ്റം മുഖേന രജിസ്ട്രേഷൻ വകുപ്പിന് 2017-18 വർഷം 3159.89 കോടി രൂപയുടെ വരുമാനം ലഭിച്ചു. വസ്തു കൈമാറ്റം, ജി.എസ്.ടിയിൽ ഉൾപ്പെട്ടുന്നതിനെ സർക്കാർ അനുകൂലിക്കുന്നില്ല. |
| (ഡി) | പെട്രോൾ ഡീസൽ എന്നിവയെ ജി.എസ്.ടി.യിൽ ഉൾപ്പെടുത്താത്ത കേന്ദ്ര സർക്കാർ നയം ജി.എസ്.ടി. കൗൺസിൽ ചർച്ച ചെയ്യുവോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (ഡി) | പെട്രോൾ ഡീസൽ എന്നിവയെ ജി.എസ്.ടി. യിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച പ്രാഥമിക ചർച്ചകൾ ജി.എസ്.ടി. കൗൺസിലിൽ നടന്നിട്ടുണ്ട്. പൊതുവെ എല്ലാ സംസ്ഥാനങ്ങളുടെയും വരുമാനത്തെ ബാധിക്കുന്ന പ്രശ്നമായതിനാൽ വിശദമായ ചർച്ച ഇതുവരെ ജി.എസ്.ടി. കൗൺസിലിൽ നടന്നിട്ടില്ല. |
| (ഇ) | ഇതിലെ സംസ്ഥാന സർക്കാർ നയം എന്ത് എന്നും വ്യക്തമാക്കുമോ? | (ഇ) | തീരുമാനമായിട്ടില്ല. പെട്രോൾ, ഡീസൽ എന്നിവയെ ജി.എസ്.ടിയിൽ ഉൾപ്പെടുത്തിയാൽ സംസ്ഥാനത്തിന്റെ നികുതി വരുമാനത്തിൽ ഗണ്യമായ കുറവുണ്ടാകും. അപ്രകാരമല്ലാതെ വില കുറയ്ക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നാണ് സർക്കാർ ആവശ്യപ്പെടുന്നത്. |

സെക്ഷൻ ഓഫീസർ